# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1923 07.03.2017 ൽ മറുപടിയ്ക്ക്

## സ്ത്രീ സുരക്ഷാ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്ത്രീ സുരക്ഷാ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള സ്ത്രീ സുരക്ഷാ പദ്ധതികളായ പിങ്ക് ബീറ്റ്, വനിതാ ഹെൽപ്പ് ലൈൻ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കുമോ;

(എ) & (ബി) സംസ്ഥാനത്ത് സ്ത്രീകളുടെയും, കുട്ടികളുടെയും സുരക്ഷക്കായും അവർക്കെതിരെ ഉണ്ടാകുന്ന പീഡനങ്ങൾ, ആക്രമണങ്ങൾ, ചൂഷണം എന്നിവ തടയുന്നതിനായി നിരവധി കർമ്മ പദ്ധതികളാണ് കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിൽ ശ്രദ്ധേയമായ ചില പദ്ധതികൾ താഴെ വിവരിക്കുന്നു.

**പിങ്ക് പോലീസ് പട്രോൾ-** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തി തടയുന്നതിന് അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുള്ള വാഹനങ്ങളിൽ പര്യടനം നടത്തുന്ന കേരള പോലീസിന്റെ പിങ്ക് പട്രോളിംഗ് പ്രവർത്തനം വിവിധ ജില്ലകളിൽ വിജയകരമായി പ്രവർത്തിച്ചു വരുന്നു. ഇതിന്റെ മേൽ നോട്ടം ഡ്രൈവർ ഉൾപ്പെടെ വനിതാ പോലീസുദ്യോഗസ്ഥരാണ് നിർവ്വഹിച്ചു വരുന്നത്. ജിഐഎസ്-ജിപിഎസ് സംവിധാനം ഉപയോഗിച്ച് കൃത്യമായി സ്ഥലം കണ്ടെത്തി വേഗത്തിൽ പോലീസ് സഹായം എത്തിക്കുന്നതിന് സാധിക്കുന്ന സോഫ്റ്റ് വെയറാണ് ടി വാഹനത്തിൽ ഉപയോഗിക്കുന്നത്. അത്യാവശ്യഘട്ടങ്ങളിൽ സ്ത്രീകൾക്ക് പിങ്ക് പട്രോൾ സഹായത്തിനും വിവരങ്ങൾ അറിയിക്കുന്നതിനും 1515 എന്ന നമ്പരിലേക്ക് ഏത് സമയത്തും

വിളിക്കുന്നതിനും, ഏത് അടിയന്തിര സാഹചര്യവും നേരിടുന്നതിനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പൊതുസ്ഥലങ്ങൾ, സ്കൂൾ, കോളേജ്, ഓഫീസുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും പിങ്ക് പട്രോൾ സംഘം പട്രോളിംഗ് നടത്തി വരുന്നു. വിവിധ കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്ന പിങ്ക് ബീറ്റ് ഓഫീസർമാർക്ക് ആവശ്യമായ സഹായങ്ങളും പിങ്ക് പട്രോൾ സംഘം നൽകി വരുന്നു.

**<u>ഓപ്പറേഷൻ വാത്സല്യ</u>**- കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി നടപ്പിലാക്കിയ ഓപ്പറേഷൻ സ്മൈൽ എന്ന തീവ്രയജ്ഞ പരിപാടി വൻ വിജയമായി തീർന്നതിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന്റെയും സാമൂഹ്യ നീതി വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സഹകരണത്തോടെ ഓപ്പറേഷൻ വാത്സല്യ എന്ന പേരിൽ ഒരു തീവ്രയജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ട്.

**<u>നിർഭയ കേരളം സുരക്ഷിത കേരളം</u>**- സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിർഭയ കേരളം സുരക്ഷിത കേരളം എന്ന പദ്ധതി സംസ്ഥാന പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സ്കൂൾ കോളേജ് ക്യാമ്പസുകളിൽ പെൺകുട്ടികളെ ശക്തപ്പെടുത്തുകയും കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിയ്ക്കാനുള്ള പരിശീലനവും, അവബോധവും നൽകുന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ആയതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസുകളും വിമൺ സെൽഫ് ഡിഫൻസ് ടെക്നിക് (WSDT) പരിശീലനവും കൊടുത്തു വരുന്നു. സ്ത്രീകൾക്ക് ഏതു സമയത്തും നിർഭയമായും സുരക്ഷിതമായുമുള്ള യാത്ര ഉറപ്പാക്കുന്നതിനായി ഷീ ഓട്ടോ പദ്ധതി നടപ്പിലാക്കി വിജയകരമായി പ്രവർത്തിച്ചു വരുന്നു.

സ്ത്രീകളെയും കുട്ടികളെയും ഭിക്ഷാടനത്തിനും വേശ്യാവൃത്തിക്കുമായി കടത്തി കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും, നിയന്ത്രിക്കുന്നതിനുമായി Anti Human Trafficking Unit-കൾ (AHTU) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. Anti Human Trafficking Unit-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ ഡ്രൈവുകൾ നടത്തിയും ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തിയും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നു. കൂടാതെ രാത്രികാല ചെക്കിംഗും, ബസ് സ്റ്റാന്റുകൾ, റയിൽവേസ്റ്റേഷനുകൾ മറ്റ് തിരക്കുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ജാഗ്രത പുലർത്തി വരുന്നു.

സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ ഉടൻ തന്നെ കേസ് രജിസ്റ്റർ ചെയ്ത് സത്യ സന്ധവും, നീതിയുക്തവുമായ അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു വരുന്നു. പ്രോസിക്യൂഷന്റെ സഹായത്തോടെ പരമാവധി ശിക്ഷ നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ നിർഭയമായും, മടികൂടാതെയും പോലീസിന്റെ മുന്നിൽ റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ അവബോധം ഇവർക്ക് നൽകുന്നതിനുമുള്ള നടപടികൾ ഈ വകുപ്പിൽ നിന്നും വിവിധ സന്നദ്ധ സംഘടനകളുടെയും, ജനമൈത്രി പോലീസിന്റെയും, സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയിലൂടെയും സ്വീകരിച്ചു വരുന്നുണ്ട്. ഇതിനു പുറമെ ഏഴ് വനിതാപോലീസ് ഓഫീസർമാരെ സ്വതന്ത്ര ചുമതലയുള്ള എസ്.എച്ച്.ഒ. മാരാക്കി പോലീസ് സ്റ്റേഷനുകളിൽ നിയമിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. സംസ്ഥാന പോലീസ് സേനയുടെ ചരിത്രത്തിൽ

ആദ്യമായാണ് ഇത്തരത്തിൽ ഒരു നടപടി സ്വീകരിച്ചിട്ടുള്ളത്. ഇത് വനിതകളെ ശാക്തീകരിക്കുന്നതിനും ആത്മവിശ്വാസത്തോടെ പോലീസ് സഹായം തേടുന്നതിന് കരുത്ത് പകരുന്നതുമാണ്.

(സി) അപകടഘട്ടത്തിൽ സ്ത്രീകൾക്ക് പോലീസ് കൺട്രോൾ റൂമുമായി ബന്ധപ്പെടാനുള്ള പദ്ധതി നിലവിലുണ്ടോ; ആയതിന് വ്യാപക പ്രചാരണം നൽകുമോ?

(സി) നിലവിലുണ്ട്. അതിന് വ്യാപകമായ പ്രചാരണം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.